**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 971** **07-12-2022 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി, പട്ടികവർഗ്ഗ വകുപ്പിൽ നിന്നും ലഭിക്കുന്ന ചികിത്സാ ധനസഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മോൻസ് ജോസഫ്** | | **ശ്രീ. കെ. രാധാകൃഷ്ണൻ (പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | പട്ടികജാതി, പട്ടികവർഗ്ഗ വകുപ്പിൽ നിന്നും ചികിത്സാ ധനസഹായം ലഭിക്കുന്നതിന് കാലതാമസം അനുഭവപ്പെടുന്നത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; | (എ) | പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പുകളിൽ നിന്നും ഫണ്ടിന്റെ ലഭ്യത അനുസരിച്ച് ചികിത്സാ ധനസഹായം വിതരണം ചെയ്തുവരുന്നു. കാലതാമസം വരുന്നത് ശ്രദ്ധയിൽപ്പെട്ടാൽ ഉടൻതന്നെ ആയത് പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. |
| (ബി) | എം.എൽ.എ.മാരുടെ ശിപാർശ കത്തോടുകൂടി പട്ടികജാതി, പട്ടികവർഗ്ഗ വകുപ്പിലേക്ക് സമർപ്പിക്കുന്ന അപേക്ഷകൾക്ക് ഒരുവിധത്തിലുമുള്ള മറുപടിയും വകുപ്പിൽ നിന്നും ലഭിക്കുന്നില്ല എന്നതിന് പരിഹാരം കണ്ടെത്തുമോ; | (ബി) | **<u>പട്ടികജാതി</u>**<br><br>ബഹു.എം.എൽ.എ.മാരുടെ ശുപാർശ കത്തോടുകൂടി T-GRANTZ സൈറ്റിൽ ഓൺലൈനായി ലഭ്യമാകുന്ന ചികിത്സാ ധനസഹായ അപേക്ഷകൾ നേരിട്ട് വകുപ്പ് മന്ത്രിക്കാണ് സമർപ്പിക്കപ്പെടുന്നത്.<br><br>**<u>പട്ടികവർഗ്ഗം</u>**<br><br>ബഹു.എം.എൽ.എ മാർ ശുപാർശ ചെയ്ത ബഹു.വകുപ്പ് മന്ത്രിയ്ക്ക് നൽകുന്ന ചികിത്സാ ധനസഹായ അപേക്ഷകളിന്മേൽ ധനസഹായം അനുവദിക്കുന്നതിന് ഫീൽഡ്തല റിപ്പോർട്ട് ലഭ്യമാക്കി ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നതും ഇത്തരത്തിൽ തുക അനുവദിക്കുമ്പോൾ ബന്ധപ്പെട്ട ഉത്തരവിന്റെ പകർപ്പ് അപേക്ഷകർക്ക് കൂടി നൽകാറുമുണ്ട്. ബഹു.ജനപ്രതിനിധി കൾക്ക് മറുപടി നൽകുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | പട്ടികജാതി, പട്ടികവർഗ്ഗ വകുപ്പ് മന്ത്രിയുടെ ഓഫീസിൽ മോൻസ് ജോസഫ് എംഎൽഎ മുഖാന്തരം 2022-2023 സാമ്പത്തിക വർഷം നൽകിയ ചികിൽസാ ധനസഹായ അപേക്ഷകളിൽ എത്രയെണ്ണത്തിന് സഹായധനം അനുവദിച്ചുവെന്നും എത്ര രൂപ വീതമാണ് അനുവദിച്ചതെന്നും | (സി) | **<u>പട്ടികജാതി</u>**<br><br>പട്ടികജാതി, പട്ടികവർഗ്ഗ വികസന വകുപ്പ് മന്ത്രിയുടെ ഓഫീസിൽ മോൻസ് ജോസഫ് എം.എൽ.എ മുഖാന്തരം 2022-23 സാമ്പത്തിക വർഷം നൽകിയ 13 അപേക്ഷകളിന്മേൽ നടപടി സ്വീകരിച്ച് 3,40,000/-രൂപ (മൂന്ന് ലക്ഷത്തി നാല്പതിനായിരം |

| | | | |
|---|---|---|---|
| | പട്ടികജാതി, പട്ടികവർഗ്ഗക്കാരുടെ അപേക്ഷകൾ തരംതിരിച്ച് ലഭ്യമാക്കാമോ? | | രൂപ മാത്രം) അനുവദിച്ചിട്ടുണ്ട്. വിശദാംശം **അനുബന്ധമായി** ചേർക്കുന്നു.<br><br>**<u>പട്ടികവർഗ്ഗം</u>**<br><br>മോൻസ് ജോസഫ് എംഎൽഎ മുഖാന്തരം 2022-2023 സാമ്പത്തിക വർഷം പട്ടികവർഗ്ഗ വികസന വകുപ്പിൽ ലഭ്യമായ 2 അപേക്ഷകളിൽ ധനസഹായം അനുവദിക്കുന്നതിന് ആവശ്യമായ അന്വേഷണ റിപ്പോർട്ട് കോട്ടയം ജില്ലയിലെ കാഞ്ഞിരപ്പള്ളി ഐ.റ്റി.ഡി പ്രോജക്റ്റ് ഓഫീസറിൽ നിന്നും ആവശ്യപ്പെട്ടിട്ടുണ്ട്. റിപ്പോർട്ട് ലഭ്യമായാൽ ഉടൻ തന്നെ അർഹമായ ധനസഹായം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

**<u>അനുബന്ധം</u>**

| തുക | അപേക്ഷകളുടെ എണ്ണം | ആകെ |
|---|---|---|
| 50000 | 3 | 150000 |
| 30000 | 2 | 60000 |
| 25000 | 2 | 50000 |
| 20000 | 1 | 20000 |
| 15000 | 2 | 30000 |
| 10000 | 3 | 30000 |
| ആകെ | **13** | **3,40,000** |

**സെക്ഷൻ ഓഫീസർ**